82 (478) ട്രാക്ടർ ട്രാക്ക് നിർമ്മിക്കാൻ നടപടി

ശ്രീ. കെ.പി. സതീശ് ചന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജല സേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് എം.ഐ. സെക്ഷൻ പരിധിയിൽപ്പെട്ട വളാർ പഞ്ചായത്തിലെ അശോകച്ചാലിൽ ഒരു ട്രാക്ടർ ട്രാക്ക് നിർമ്മിക്കാനുള്ള നടപടിക്രമങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(ബി) കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂർ നിയോജകമണ്ഡല ത്തിൽപ്പെട്ട ഈസ്റ്റ് എളേരി പഞ്ചായത്തിലെ കുണ്ടാരത്ത് ഒരു ട്രാക്ടർ ട്രാക്ക് നിർമ്മിക്കാനുള്ള പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയി ക്കുമോ?

ഉത്തരം

(എ) ഇതിന്റെ പണികൾക്കായി 8.6 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി പരിശോധിച്ചുവരുന്നു. ഭരണാനുമതി നൽകി ഫണ്ടിന്റെ ലഭ്യതയ നുസരിച്ച് പണി ഏറ്റെടുത്ത് നടത്തുന്നതാണ്.

(ബി) ഈസ്റ്റ് എളേരി പഞ്ചായത്തിലെ കുണ്ടാരത്ത് ട്രാക്ടർ ട്രാക്ക് നിർമ്മിക്കാനുള്ള പണികൾക്കായി 12 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി പരിശോധിച്ചുവരുന്നു.

83 (479) വാട്ടർ അതോറിറ്റി എം.ഡി. യുടെ സേവന കാലാവധി അവസാനിപ്പിച്ച നടപടി.

ശ്രീ. എ.കെ. മണി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാട്ടർ അതോറിറ്റി മുൻ എം.ഡി. ശ്രീമതി കൃഷ്ണവേണിയെ വാട്ടർ അതോറിറ്റി ആക്ടിലെ നിയമത്തിനു വിധേയമായി മൂന്നുവർഷം പൂർത്തിയാക്കാൻ അനുവദിക്കാതിരുന്നത് തെളിയിക്കപ്പെട്ട എന്തെങ്കിലും അഴിമതി ആരോപണങ്ങളുടെ പേരിലായിരുന്നോ;

(ബി) എങ്കിൽ എന്തായിരുന്നു ആരോപണം;

(സി) ഇതു സംബന്ധിച്ച് ബന്ധപ്പെട്ട ആഫീസർമാർക്ക് കുറ്റപത്രമോ നോട്ടീസോ നൽകിയിരുന്നുവോ?

ഉത്തരം

(എ) അല്ല.

(ബി)&(സി) ഉദിക്കുന്നില്ല.

84 (480) ബോട്ടു ജട്ടിയുടെ പുനർനിർമ്മാണം

ഡോ. എം.എ. കുട്ടപ്പൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലസേച നവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) ഏതു സമയത്തും തകർന്നുവീഴാവുന്ന നിലയിലുള്ള എറണാകുളം ജില്ലയിലുള്ള വൈപ്പിനിലെ ബോട്ടുജട്ടി പുനർനിർമ്മിക്കുന്നതിന് കോസ്റ്റർ ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ വകുപ്പ് നൽകിയ 17.90 ലക്ഷം രൂപയുടെ ഭരണാനുമതി പ്രകാരം രണ്ടു പ്രാവശ്യം ടെണ്ടർ വിളിച്ചിട്ടും ഒരാൾപോലും സഹകരിക്കാത്ത സാഹചര്യത്തിൽ തുടർ നടപടി എന്തെന്ന് വ്യക്തമാക്കുമോ;

(ബി) കരാറുകാരനുമായി ഇറിഗേഷൻ വകുപ്പ് നേരിട്ട് ചർച്ചചെയ്തപ്പോൾ എസ്റ്റിമേറ്റ് തുകയെക്കാൾ 230 ശതമാനം കൂട്ടി മാത്രമേ പണി നടത്താൻ കഴിയൂ എന്ന് പറഞ്ഞതിനാലും ഇതിനേക്കാൾ ഭേദപ്പെട്ട ഓഫർ കിട്ടുകയില്ല എന്നതിനാലും ഈ കരാറുകാരന് പണി നടത്തുന്നതിന് സർക്കാർ അംഗീകാരം നൽകുമോ?

ഉത്തരം

(എ)&(ബി) 3.8.98-ൽ 17.90 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയ ഈ പണി നടത്തുന്നതിലേക്കായി 28.10.98-ലും 10.12.98-ലും തൃശ്ശൂർ ഇറിഗേഷൻ വിഭാഗം സൂപ്രണ്ടിംഗ് എൻജിനീയർ ദർഘാസുകൾ ക്ഷണിക്കുകയുണ്ടായി. എന്നാൽ കരാറുകാരിൽനിന്നും ഈ രണ്ടു ദർഘാസുകൾക്കും പ്രതികരണം ലഭിക്കാതിരുന്നതിനാൽ നെഗോഷ്യേറ്റഡ് ക്വട്ടേഷനുകൾ ക്ഷണിക്കുകയുണ്ടായി. ഇപ്രകാരം ലഭിച്ച രണ്ടു ക്വട്ടേഷനുകളിൽ ഏറ്റവും കുറവ് റേറ്റ് ലഭിച്ചിട്ടുള്ളത് എസ്റ്റിമേറ്റിൽനിന്നും 225 ശതമാനം കൂടുതലാണ്. ക്വട്ടേഷൻ ഉയർന്ന നിരക്കിലുള്ളതായതിനാൽ സർക്കാർ അംഗീകാരം ലഭിക്കുന്നതിനായി ചീഫ് എൻജിനീയർ (ഇറിഗേഷൻ ആന്റ് അഡ്മിനിസ്ട്രേഷൻ) സമർപ്പിച്ചിട്ടുള്ള ശുപാർശ സർക്കാർ പരിശോധിച്ചുവരികയാണ്.

നിലവിലുള്ള നിബന്ധനകൾ പ്രകാരം സർക്കാർതലത്തിൽ നിയുക്തമായ 'ടെണ്ടർ' കമ്മിറ്റിയുടെ ശുപാർശയനുസരിച്ച് ഇക്കാര്യത്തിൽ അന്തിമ തീരുമാനമെടുക്കുന്നതാണ്.

85 (481) സ്ഥലംമാറ്റം സംബന്ധിച്ച മാനദണ്ഡം

പ്രൊഫ. എ.വി. താമരാക്ഷൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ഉദ്യോഗസ്ഥൻമാരുടെ സ്ഥലംമാറ്റം സംബന്ധിച്ച് പൊതുമാനദണ്ഡം ജലസേചനം, തൊഴിൽ, ഇ.എസ്.ഐ തുടങ്ങിയ വകുപ്പുകളിലും കേരള വാട്ടർ അതോറിറ്റിയിലും നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) പൊതുമാനദണ്ഡം ലംഘിച്ച എൻജിനീയർമാരെയും മറ്റ് ഉദ്യോഗസ്ഥൻമാരേയും സ്ഥലംമാറ്റിയതായി എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ;

(സി) ഈ കഴിഞ്ഞ ആറ് മാസത്തിനുള്ളിൽ ജലസേചനം, വാട്ടർ അതോറിറ്റി തുടങ്ങിയ വകുപ്പുകളിൽ എത്ര എൻജിനീയർമാരെ സ്ഥലംമാറ്റിയിട്ടുണ്ടെന്നും അവർ ആരെല്ലാമാണെന്നും വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത ലിസ്റ്റിൽ ഒരുവർഷം കഴിഞ്ഞവരും രണ്ട് വർഷത്തിൽ താഴെയുള്ളവരും എത്ര പേരുണ്ട് എന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly